പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 402 — 11.06.2013 -ൽ മറുപടിക്ക്

പുതുതായി ബസ്സുകൾ

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
" കെ. വി. അബ്ദുൾ ഖാദർ
" എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുതുതായി ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; നേരത്തെ പ്രഖ്യാപിച്ച ബസ്സുകൾ എല്ലാം വാങ്ങിയിട്ടുണ്ടോ; പുതിയതായി ബസ്സുകൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പുതുതായി ബസുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. നേരത്തെ പ്രഖ്യാപിച്ച എല്ലാ ബസുകളും വാങ്ങിയിട്ടുണ്ട്. നിലവിൽ ലഭ്യമായ ഷാസികളിൽ ബോഡി നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ഷാസികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എയർ ബസ്സുകൾ വാങ്ങുന്നതിന് ഏതെല്ലാം കമ്പനികളുമായി ആലോചനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 50 എയർ ബസുകൾ വാങ്ങുന്നതിന് 22.05.2012-ൽ പർച്ചേയ്സ് ഓർഡർ നല്കിയിട്ടുണ്ട്.<br>(ടാറ്റാ മോട്ടോഴ്സ് ലിമിറ്റഡ് - 30 എണ്ണം<br>അശോക് ലൈലാന്റ് ലിമിറ്റഡ് - 20 എണ്ണം) |
| (സി) | ബസ്സുകൾ വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്.<br>ഷാസികൾ/ബസുകൾ ഓപ്പൺ ടെൻഡർ പ്രകാരം വാങ്ങുന്നതിനുള്ള പ്രധാന വ്യവസ്ഥകൾ താഴെ കൊടുക്കുന്നു:-<br>1. ഹെവി വെഹിക്കിൾ ഷാസിസ് നിർമിക്കുന്ന അംഗീകൃത നിർമാതാക്കൾ ആയിരിക്കണം<br>2. ഷാസികൾ ഓട്ടോ മോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യ (ARAI)യുടെ അംഗീകാരം ഉണ്ടായിരിക്കണം.<br>3. കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ 2000-ൽ കൂടുതൽ ഷാസികൾ ഒന്നോ അധിലധികമോ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ടാവണം<br>4. ഓപ്പൺ ടെൻഡർ പങ്കെടുക്കുന്നതിനു 5 ലക്ഷം രൂപ നിരതദ്രവ്യം നല്കണം.<br>5. നിർദ്ദിഷ്ട ടെൻഡർ സമർപ്പിക്കുന്ന തീയതിമുതൽ ഒരു വർഷം വരെ അടിസ്ഥാനവിലയിൽ യാതൊരു വിലകൂടുതലും ഷാസികൾ / ബസുകൾക്ക് ആവശ്യപ്പെടുവാൻ പാടില്ല.<br><br>നിർദ്ദിഷ്ടകാലയളവിനുള്ളിൽ പറഞ്ഞിരിക്കുന്ന വിലയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ഷാസികൾ / ബസുകൾ മറ്റാർക്കും നല്കുകയില്ലെന്നും നല്കുന്ന പക്ഷം യാതൊരു നിബന്ധകളുമില്ലാതെ വ്യത്യാസം വരുന്ന തുക കെ.എസ്.ആർ. ടി.സി.-യ്ക്ക് നല്കണമെന്നുള്ള സമ്മത പത്രം നല്കണം. |
| (ഡി) | ഓപ്പൺ ടെൻഡർ വ്യവസ്ഥ നിർത്തലാക്കാൻ എന്തെങ്കിലും ആലോചന നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ